തിരുവനന്തപുരം റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പേരു മാറ്റാൻ നടപടി

60 (4220) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കഴക്കൂട്ടത്ത് പ്രവർത്തിക്കുകയും എന്നാൽ ഓഫീസിന്റെ ബോർഡിലും മറ്റ് എഴുത്തുകുത്തുകളിലും ഇപ്പോഴും റൂറൽ എംപ്ലോയ്മെൻർ എക്സ്ചേഞ്ച് ഉള്ളൂർ എന്ന് തുടരുകയും ചെയ്യുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കഴക്കൂട്ടം എന്നാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. തിരുവനന്തപുരം റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കഴക്കൂട്ടത്തുനിന്നും മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ ഈ എക്സ്ചേഞ്ചിന്റെ പേര് "റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കഴക്കൂട്ടം" എന്നാക്കി മാറ്റുന്നത് ആവശ്യമായി വരുന്നില്ല.

കശുവണ്ടി ഫാക്ടറികളിലെ തൊഴിൽ ദിനങ്ങൾ

61 (4221) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ നിയന്ത്രണത്തിലുള്ള കശുവണ്ടി ഫാക്ടറികളിൽ പ്രതിവർഷം ശരാശരി എത്ര ദിവസമാണ് തൊഴിൽ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പെക്സ് തുടങ്ങിയിട്ടുള്ള സർക്കാർ നിയന്ത്രണ കശുവണ്ടി ഫാക്ടറികൾ പ്രതിവർഷം ശരാശരി എത്ര ദിവസമാണ് പ്രവർത്തിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(സി) സർക്കാർ നിയന്ത്രണത്തിലുള്ള കശുവണ്ടി ഫാക്ടറികൾ തുറക്കാത്തതുമൂലം എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) പ്രവർത്തിദിവസങ്ങൾ താഴെക്കാണിച്ചിരിക്കുന്നു.

വർഷം	കോർപ്പറേഷൻ	കാപ്പെക്സ്
(1)	(2)	(3)
1996	6 ദിവസം	-
1997	60 ദിവസം	90 ദിവസം
1998	80 ദിവസം	40 ദിവസം

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
1999	140 ദിവസം	125 ദിവസം
2000	186 ദിവസം	73 ദിവസം
2001	36 ദിവസം	ഇല്ല
2002		29 ദിവസം
2003		46 ദിവസം

(സി) സർക്കാർ നിയന്ത്രണത്തിലുള്ള കശുവണ്ടി വികസന കോർപ്പറേഷന്റെ അധീനതയിലുള്ള ഫാക്ടറികൾ തുറക്കാത്തതുമൂലം 17406 തൊഴിലാളികൾക്കും കാപ്പെക്സിൽ 4014 തൊഴിലാളികൾക്കും തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്.

കശുവണ്ടി മേഖലയിൽ കേന്ദ്ര-സംസ്ഥാന ക്ഷേമ പ്രവർത്തനങ്ങൾ

62 (4222) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി മേഖലയിൽ സ്ഥിരം തൊഴിൽ ചെയ്യുന്നവരുടെ സംഖ്യ എത്രയെന്ന് അറിയിക്കുമോ ;

(ബി) ഈ മേഖലയിൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നടത്തിവരുന്ന തൊഴിലാളിക്ഷേമ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(സി) കഴിഞ്ഞ 10 വർഷത്തിനുള്ളിൽ തൊഴിലാളിക്ഷേമ പ്രവർത്തനങ്ങൾക്കായി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ എത്ര തുക ചെലവാക്കിയിട്ടുണ്ട് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധിയിൽ നിലവിൽ 1.38.376 അംഗങ്ങളുണ്ട്. കശുവണ്ടി മേഖലയിൽ സ്ഥിരം ജോലി ചെയ്യുന്നവരുടെ കൃത്യമായ എണ്ണം ലഭ്യമല്ല.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) കഴിഞ്ഞ 10 വർഷത്തേയ്ക്ക് (1993-94 മുതൽ 2002-03 വരെ) തൊഴിലാളിക്ഷേമ പ്രവർത്തനങ്ങൾക്കായി കശുവണ്ടിതൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് 33,02,92,297 (മുപ്പത്തിമൂന്ന് കോടി രണ്ടു ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റിയേഴ് രൂപ മാത്രം) രൂപ ചെലവഴിച്ചിട്ടുണ്ട്.

† ലൈബ്രറിയിൽവച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly